national book festival 2019

# സാഹിതി

വാർത്താപത്രിക 8

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

---

## പുസ്തകോൽസവം സർഗാത്മകതയുടെ ഉൽസവമായിത്തീരുന്നു





# വായനയുടെ സംസ്കാരനിർമിതി



കെ.ഇ.എൻ.

സാക്ഷരതക്കുശേഷം സാധ്യമായ ഒരു സാംസ്കാരികപ്രവർത്തനം എന്ന അർത്ഥത്തിലല്ല വായനയെ സമീപിക്കേണ്ടത്. ഭാഷ രൂപപ്പെടുന്നതിനുമുമ്പുതന്നെ വായന തുടങ്ങിയിട്ടുണ്ട്. വായനയുടെ തുടർച്ചയിലാണ് ഭാഷപോലും വികസിച്ചുവന്നിട്ടുള്ളതെന്ന് കാണാൻ പ്രയാസമില്ല. എല്ലാ പുസ്തകങ്ങളേയും ഉൾകൊള്ളുന്ന, എല്ലാ പുസ്തകങ്ങളേയും അതിവർത്തിക്കുന്ന പുസ്തകമെന്ന് പറയുന്നത് പ്രപഞ്ചം തന്നെയാണ്. അതുകൊണ്ട്, പുസ്തകങ്ങൾക്കുമുമ്പ് മനുഷ്യർ വായിച്ച എല്ലാ പുസ്തകങ്ങളേയും ഉൾകൊള്ളുന്ന, എല്ലാ പുസ്തകങ്ങളേയും അതിവർത്തിക്കുന്ന മഹത്തായ ഗ്രന്ഥമെന്ന് പറയുന്നത് പ്രപഞ്ചംതന്നെയാണ്. പ്രപഞ്ചത്തിന്റെ അപരിമേയത ഒരുപക്ഷേ, നമ്മുടെ അടയാളപ്പെടുത്തലിനേയും കവിഞ്ഞുനിൽക്കുന്നതുകൊണ്ട് ജീവിതമാണെന്ന് പറയാം. ആ അർത്ഥത്തിൽ ജീവിതം തന്നെ വായനയാണ്.

മനുഷ്യർ നിലനിൽക്കുന്നത് അവരുടെ നിലനിൽപ് ഏറ്റവും നിർവൃതികരമായിത്തീരുന്നത്, ഏതെങ്കിലുമർത്ഥത്തിൽ പരസ്പരം അറിയുമ്പോഴോ, അല്ലെങ്കിൽ അറിയാനുള്ള ശ്രമങ്ങളിൽ വ്യാപൃതമാവുമ്പോഴോ, ആ ശ്രമങ്ങളിൽ വീഴ്ച പറ്റുമ്പോൾപോലുമോ ആണ്. ഇത് പ്രത്യേകം എടുത്തുപറയാൻ കാരണം, അറിയൽപ്രക്രിയക്കിടയിലെ വീഴ്ചപോലും വെറും വീഴ്ചയല്ല. എങ്ങനെയെങ്കിലും കെട്ടിമറിഞ്ഞുവീഴുന്ന ശാരീരികവീഴ്ചയുടെ ഒരു പശ്ചാത്തലത്തിൽനിന്നുകൊണ്ട് അറിയൽശ്രമങ്ങൾക്കിടയിലെ വീഴ്ചകളെ നമുക്ക് കാണാനാവില്ല. പറഞ്ഞുവരുന്നത് അതിപ്രാചീനകാലത്തെ മനുഷ്യർ പരസ്പരം അറിയുന്നതിന്റെ, മനസ്സിലാക്കുന്നതിന്റെ ഭാഗമായി വിനിമയത്തിൽ ഏർപ്പെട്ടു എന്നുതന്നെയാണ്. അതുകൊണ്ട് വായന വിനിമയലോകത്തിലേക്കുള്ള മനുഷ്യരുടെ പ്രവേശനം തന്നെയാണ്. വായനയുടെ വികാസത്തിന്റെ, അല്ലെങ്കിൽ ഇത്തരത്തിലുള്ള വിനിമയപ്രവർത്തനങ്ങളുടെ ഒരു സവിശേഷസന്ദർഭത്തിലാണ് ഭാഷപോലും രൂപപ്പെടുന്നത്. ആ ഭാഷയുടെ വളർച്ചയാകട്ടെ, വിനിമയപ്രവർത്തനങ്ങൾ അളവിലും ഗുണത്തിനും വളരുന്നതിനനുസരിച്ചാണ് സംഭവിക്കുന്നത്.

രണ്ടാംഘട്ടം എന്ന് സൗകര്യത്തിനുവേണ്ടി വിളിക്കാവുന്ന ഭാഷയുടെ ആവിർഭാവഘട്ടം വായനയെ സംബന്ധിച്ചിടത്തോളം വലിയ കുതിപ്പിന് വേദിയൊരുക്കി എന്നുള്ളത് വലിയ വിശകലനമൊന്നും കൂടാതെ നമുക്ക് അൽപം ആലോചിച്ചാൽ സ്വയം വ്യക്തമാവുന്ന കാര്യമാണ്. കാരണം, ആദ്യഘട്ടത്തിലെ വായന, ഭാഷക്കുമുമ്പുള്ള ഭാഷാപൂർവകാലഘട്ടത്തിലെ വായന നിർവഹിച്ചത് പ്രധാനമായും പലതരം ഇടപെട

ലുകളിലൂടെയുള്ള പെറുക്കിയെടുക്കൽമുതൽ, കാണൽമുതൽ, പലതരം ശബ്ദങ്ങൾ കേൾക്കൽ മുതൽ ഉള്ള ഒരു പശ്ചാത്തലത്തിൽനിന്ന് ശരീരം തന്നെയാണ്, മനുഷ്യശരീരം തന്നെയാണ് ഭാഷയായി പ്രവർത്തിച്ചതെങ്കിൽ രണ്ടാംഘട്ടത്തിൽ മനുഷ്യശരീരത്തിൽനിന്നും, മനുഷ്യന്റെ ആസന്നപശ്ചാത്തലങ്ങളിൽനിന്നും വിമുക്തമായ, അമൂർത്തമായ ഒരു ഭാഷാലോകം നിലവിൽവന്നതോടുകൂടി വായനയുടെ ഭൂമിയിൽനിന്ന്, വായനയുടെ അതിർത്തിരഹിതമായ ആകാശങ്ങളിലേക്ക് കുതിക്കാൻ മനുഷ്യർക്ക് കഴിഞ്ഞു.

ഈ രണ്ടാംഘട്ടത്തിലെ വായനയുടെ അനിവാര്യമായ ആവിഷ്കാരമെന്ന അർത്ഥത്തിലാണ് ആധുനികകാലത്ത് പുസ്തകങ്ങൾ നിലവിൽ വരുന്നത്. അതോടെ വായന പുസ്തകകേന്ദ്രിതമായ വായന എന്ന അർത്ഥത്തിൽ, ഇന്ന് നമുക്ക് സുപരിചിതമായ ഒരാശയത്തിന്റെ അടയാളമായി മാറുകയാണുണ്ടായത്.

പറഞ്ഞുവന്നതിന്റെ ചുരുക്കം, ആധുനികകാലത്തെ പുസ്തകവായനയെ എക്കാലത്തേക്കുമുള്ള പുസ്തകവായനയുടെതന്നെ വിചാരമാതൃകയായി സമീപിക്കുന്നതിലെ പരിമിതിയെയാണ്. എന്നാൽ, പുസ്തകവായന വായനയുടെ മണ്ഡലത്തിലെ ഒരു കുതിച്ചുചാട്ടം തന്നെയായിരുന്നു എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അടുത്തകാലത്ത് ഒരുപക്ഷേ, നാം ജീവിക്കുന്ന കാലത്ത് മറ്റൊരുതരം വായനയിലേക്ക്, അ-വായനയിൽനിന്ന് ഇ-വായനയിലേക്ക് സൂക്ഷ്മാർത്ഥത്തിൽ പുസ്തകവായനയുടെതന്നെ തുടർച്ചയാണ്. അതുകൊണ്ട് വ്യത്യസ്തവായനകൾ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഒരു ഏറ്റുമുട്ടൽ അപ്രസക്തമാണ്. പലരും ഇ-വായനയുടെ കാലമാണിതെന്ന് പറയുമ്പോൾ വായനയുടെ സമഗ്രതയെക്കുറിച്ചുള്ള ഒരു സൂക്ഷ്മതയാണ് അതിൽനിന്നും നഷ്ടപ്പെടുന്നത്. മറ്റുചിലരാകട്ടെ അ-വായന, അക്ഷരവായന അതാണ് സംസ്കാരത്തിന്റെ അടിസ്ഥാനം എന്ന് പറയുമ്പോൾ മണ്ഡലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ മാറ്റങ്ങളെ സ്വാഗതംചെയ്യാനും സ്വീകരിക്കാനുമുള്ള കഴിവില്ലായ്മയെയാണത് സൂചിപ്പിക്കുന്നത്.

അതുകൊണ്ട്, ഭാഷാപൂർവകാലത്തെ പ്രാചീനപ്രകൃതിവായന മുതൽ ഭാഷാകാലത്തെ അക്ഷരവായന മുതൽ അതിന്റെ വിപുലീകരണം എന്നർത്ഥത്തിൽ രൂപപ്പെട്ട ഇലക്ട്രോണിക് വായനമുതൽ എല്ലാറ്റിനേയും ഉൾകൊള്ളുന്ന ഒരു സമീപനമാണ് സാമൂഹ്യപശ്ചാത്തലത്തിൽ സ്വാഗതാർഹമായിത്തീരുന്നത്.

ഇതിനേക്കാളെല്ലാം പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇതിനോടൊപ്പം പരിഗണിക്കേണ്ടതുണ്ട്. അതിനെ ഞാൻ പൊതുവായന എന്ന് വിളിക്കാനാണ് ആഗ്രഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ, അത് ഭാഷയിലോ, പുസ്തകത്തിലോ, ഇലക്ട്രോണിക് മാധ്യമങ്ങളിലോ പരിമിതപ്പെട്ടുകിടക്കുന്ന ഒന്നല്ല. മറിച്ച്, ഈ സാധ്യതകളെ മുഴുവൻ സ്വാംശീകരിക്കുകയും അതോടൊപ്പംതന്നെ ഈ സാധ്യതകളുടെ സ്വാംശീകരണത്തിന്റെ ഏറ്റവും ജനാധിപത്യപരമായ പ്രയോഗം എന്ന അർത്ഥത്തിൽ, പാരസ്പര്യത്തെ ഏറ്റവും സജീവമാക്കുന്ന ഒരു ആവിഷ്കാരമാണ്. അതായത് പൊതുവായന എന്ന് പറയുന്നത് മനുഷ്യനും പ്രകൃതിയും തമ്മിലും ഓരോ മനുഷ്യനും തന്നോടും പുലർത്തുന്ന, ഏറ്റവും ആഴത്തിലുള്ള, സാമൂഹ്യപ്രകൃതി അനുഭൂതികളുടെ ഒരു അപരലോകമാണത്. അതിന്റെ ഏറ്റവും പ്രാഥമികതലം വ്യക്തിപരതയുടെ ചെറിയ ലോകങ്ങളിൽനിന്ന് സാമൂഹ്യപരതയുടെ, പ്രകൃതിപരതയുടെ, വ്യക്തിപരതയുടെ വിസ്തൃതലോകത്തേക്ക് കടക്കാനുള്ള പ്രവർത്തനം എന്ന അർത്ഥത്തിൽ പൊതുപ്രവർത്തനം തന്നെയാണ്. ഒരാളും തന്നിൽ തുടങ്ങി തന്നിൽ ഒടുങ്ങുന്നില്ല എന്ന ഒരു തിരിച്ചറിയലിന്റെ തളിർക്കലാണിത്.

ആ അർത്ഥത്തിൽ, പൊതുപ്രവർത്തനം വായനയെ സംബന്ധിച്ചിടത്തോളം അതിന്റെ കേവല പ്രയോഗം മാത്രമല്ല, സിദ്ധാന്തം കൂടിയാണ്. പ്രകൃതിവായനയും അക്ഷരവായനയും ഇലക്ട്രോണിക് വായനയും പൊതുവായന എന്ന് ബൃഹത്പരികൽപനയിലേക്ക് കണ്ണിചേർക്കപ്പെടുന്നില്ലെങ്കിൽ, വിവിധ ചരിത്രഘട്ടങ്ങളിൽ വികസിച്ചുവന്ന സാധ്യതകളെ ആധുനികസമൂഹം ആവശ്യപ്പെടുന്ന തരത്തിലേക്ക് വിമോചിപ്പിക്കാൻ കഴിയാതെയാവും.

അതുകൊണ്ട്, വായനയെ സംസ്കാരനിർമിതിയുടെ നേതൃത്വം തന്നെയായിട്ടാണ് പരിഗണിക്കേണ്ടത്. പക്ഷേ, അത്, വെറും പുസ്തകവായനയോ, ഔപചാരികാർത്ഥത്തിലുള്ള മനസ്സിലാക്കലോ എന്നതിനുമപ്പുറം ജീവിതത്തെയാകെ ഉഴുതുമറിക്കുന്ന, പുനർനിർമിക്കുന്ന, പുനർനിർവചിക്കുന്ന, ഒരു സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയസംയുക്തപ്രവർത്തനമാണ് എന്നുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്. ●

# മരച്ചോട്ടിൽ ബുക്സ്റ്റാൾ



ഡോ.പ്രഭാകരൻ പഴശ്ശി

പുസ്തകം വാങ്ങിയിരുന്നത് ശമ്പളമില്ലാത്ത കാലത്തായിരുന്നു. എംഎക്ക് ബ്രണ്ണനിൽ പഠിക്കുന്ന കാലത്ത് ട്യൂട്ടോറിയലിൽ ജോലിചെയ്ത് കിട്ടുന്ന തുകയിൽ നല്ലൊരു ഭാഗം പുസ്തകം വാങ്ങാൻ ചെലവിട്ടിരുന്നു. തലശ്ശേരിയിലെ കണാരിയേട്ടൻ ഒരു ഡെസ്കും സ്റ്റൂളുമിട്ട് ബിഇഎംപി സ്കൂളിന് മുന്നിൽ പുസ്തകം വിൽക്കുമായിരുന്നു. അതിന് മരച്ചോട്ടിൽ ബുക്സ്റ്റാൾ എന്ന് പേരിട്ടത് ഞാനാണ്. കണാരിയേട്ടൻ ചില ബുക്സ്റ്റാളുകളിൽ പൊടിപിടിച്ചുകിടക്കുന്ന പുസ്തകങ്ങൾ പഴയ വിലയുടെ മുകളിൽ സ്റ്റിക്കറൊട്ടിക്കാതെ കൊണ്ടുവന്ന് വിൽക്കുമായിരുന്നു.

പല സാഹിത്യകാരന്മാരും സാംസ്കാരികനായകന്മാരും പൂർവികരുടെ ബേങ്ക് ബേലൻസിലാണ് സാഹിത്യസാംസ്കാരികരംഗത്ത് നിലയുറപ്പിക്കുന്നത്. ഹൈസ്കൂളിൽ പഠിക്കുമ്പോഴുള്ള വായനയുടെ ബേങ്ക് ബേലൻസിലാണ് ഞാനിപ്പോഴും സാഹിത്യകാരനായി വിലസുന്നത്. അക്കാര്യത്തിൽ ഞാൻ ചെറുകാടിനേപ്പോലെയാണ്. പക്ഷേ, ചെറുകാട് കുറേയെഴുതിയിരുന്നു. ഞാൻ കുറച്ചേ എഴുതുന്നുള്ളൂ. മടി... അതും ചെറുകാടിന്റെ ഏറ്റവും ശത്രുവായ മടി.

ഇന്ന് പുസ്തകം വായിക്കാൻ സമയമില്ല എന്ന എക്സ്ക്യൂസിന്റെ ബലത്തിൽ പുസ്തകം വാങ്ങുന്നതും കുറവാണ്. പുസ്തകങ്ങളുടെ ലോകത്തുനിന്നും അന്യനാവുന്ന അവസ്ഥ ആസന്നമാകുന്നു.

ഒരു പുസ്തകം വായിച്ച് പത്ത് ലേഖനമെഴുതുന്നവരും നാല് പുസ്തകം വായിച്ച് ഒരു പുസ്തകമെഴുതുന്നവരും നാല് ദിവസംകൊണ്ട് ഒരു പുസ്തകമെഴുതുന്നവരും സമൃദ്ധമായ ഇക്കാലത്ത് നാലഞ്ച് പുസ്തകത്തിനുള്ള മേറ്ററുകൾ പെട്ടിയിൽ കിടന്നിട്ടും, പ്രസിദ്ധീകരിക്കാൻ ആളെക്കിട്ടാൻ സാധ്യതയുണ്ടായിട്ടും ഞാൻ അനങ്ങാതിരിക്കുന്നത് മടികൊണ്ടുമാത്രമാണ്. 70കളിലും 80കളിലും ഞാനെഴുതാറുള്ള കഥകളെ അന്നത്തെ രണ്ട് പ്രഗത്ഭസാഹിത്യകാരാന്മാരായ പ്രൊഫ.എം.കെ.ഗംഗാധരനും പ്രൊഫ.കെ.പി.മോഹനനും പുകഴ്ത്താറുണ്ടായിരുന്നു. ആ കഥകളൊന്നും പുസ്തകരൂപത്തിൽ വന്നിട്ടില്ല. ദേശാഭിമാനി, കഥ തുടങ്ങിയവയുടെ പഴയ ലക്കങ്ങളിൽ അവ തലചായ്ച്ചുറങ്ങുന്നു.

മടിപിടിച്ചാൽ കാലം നമ്മെ കടന്നുപോകുമെന്ന് ഈയിടെയാണറിഞ്ഞത്. ആറുകൊല്ലത്തെ അജ്ഞാതവാസം കഴിഞ്ഞ് പ്രളയകാലത്ത് രണ്ട് കഥകളെഴുതി അയച്ചപ്പോൾ പത്രാധിപന്മാർക്ക് അത് വേണ്ട. പഴശ്ശി കഥയെഴുതുമോ എന്നവർ നെറ്റിചുളിച്ചുകാണണം. പവനനും എരുമേലിയും കുട്ടികൃഷ്ണൻമാഷുമൊക്കെ എന്തെഴുതിയാലും അക്കാദമി സെക്രട്ടറിമാരായതുകൊണ്ട് അത് വായിക്കാൻ ജനം മടിക്കും. എന്നേയും അക്കൂട്ടത്തിലാണ് പെടുത്തിയിരിക്കുന്നതെന്ന് തോന്നുന്നു.

ഒരു സാഹിത്യചർച്ചയിലോ, സമ്മേളനത്തിലേ,ാ സാഹിത്യമാമാങ്കങ്ങളിലോ എന്നെ മനഃപൂർവം ഒഴിവാക്കുന്നതിന് കാരണമെന്തായിരിക്കും? ആണ്ടി അടിക്കാരനാണെന്ന് പറയേണ്ടത് ആണ്ടിയല്ലായിരിക്കും. പക്ഷേ, ആണ്ടിയുടെ അടി കിട്ടിയവർ കവിളും തടവി വായും പൂട്ടിയിരിക്കുമ്പോൾ, അടി കണ്ടവൻ കണ്ണും ചിമ്മി പമ്മിയിരിക്കുമ്പോൾ, അടിയെക്കുറിച്ച് കേട്ടവൻ കാതും പൊത്തി ബൊമ്മ മട്ടിലിരിക്കുമ്പോൾ പിന്നാര് പറയും ആണ്ടി അടിക്കാരനാണെന്ന്? ആണ്ടിയോ, അതോ...? ●

# ഭാവാത്മകത സ്വകാര്യമല്ല



പ്രസാദ് കാക്കശ്ശേരി

*ഹൃദയത്തിൻ രോമാഞ്ചം സ്വരരാഗഗംഗയായ്*
*പകരുന്ന മണിവീണ മൂകമായീ...*
*(അന്ത്യനിമിഷം-ജി.കുമാരപിള്ള)*

**അ**രവിന്ദന്റെ 'ഉത്തരായണം' എന്ന ചലച്ചിത്രത്തിലെ ഈ ഗാനം പലതവണ കേട്ടിട്ടുണ്ടെങ്കിലും പതിനഞ്ചുവർഷംമുമ്പ് കോഴിക്കോട് സർവകലാശാലാക്യാംപസിൽ പഠിക്കുമ്പോഴാണ് ഈ വരികളുടെ ഭാവാർത്ഥം ഉള്ളുതൊട്ടുകോറിയത്. ഗായകനൊന്നുമല്ലെങ്കിലും ഹൃദയത്തിൽനിന്ന് ഉറവപൊട്ടുന്നപോലെ പാടുന്ന ഒരാൾ-കെ.ജി.കാർത്തികേയൻ. എഴുത്തുകാരനും കോഴിക്കോട് സർവകലാശാല മലയാളവിഭാഗം ലൈബ്രേറിയനുമായിരുന്ന അദ്ദേഹം 2018 ഡിസംബറിൽ എന്നെന്നേക്കുമായി യാത്രപറഞ്ഞു. ജി.കുമാരപിള്ളയുടെ വരികൾ ആലപിക്കുന്നതിനുമുമ്പ് സാറുമൊത്തുള്ള സൗഹൃദവും ആമുഖമായി പറയും. വായനയെക്കുറിച്ച്, പുസ്തകങ്ങളെക്കുറിച്ച്, പുതിയ എഴുത്തിനെക്കുറിച്ച് ചേർന്നിരുന്ന് സംസാരിക്കുമ്പോഴൊക്കെ കെജികെ ഇടവേളയിൽ പാടിയ വരികൾ (മറ്റൊരു ഗാനവും അദ്ദേഹം പാടിയിരുന്നില്ല) കൂട്ടിക്കൊണ്ടുപോയത് ജി.കുമാരപിള്ളയുടെ കവിതയിലേക്കായിരുന്നു.

ജി.കുമാരപിള്ളയുടെ കവിതകളെ അടുത്തറിയാൻ ഇട നൽകിയത് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച കെ.വി.ബേബി സമാഹരിച്ച ജി.കുമാരപിള്ളയുടെ കവിതകൾ എന്ന ഗ്രന്ഥമാണ്. മുഗ്ദ്ധമായ ഭാവങ്ങളിൽമാത്രം അഭിരമിച്ച കാൽപനികനായിരുന്നില്ല, വ്യഥിതഭാവങ്ങൾകൊണ്ട് പ്രത്യാശകൾ റദ്ദുചെയ്ത സിനിക്കല്ല, ഭാവത്തിൽ അഭാവങ്ങളെ പരീക്ഷണങ്ങളാക്കി വായനക്കാരെ പ്രകോപിപ്പിച്ച കവിയല്ല ജി.കുമാരപിള്ള. ഏകാന്തധ്യാനത്തിൽ മഗ്നനാകുമ്പോൾ സങ്കൽപകൽഹാരപുഷ്പം വിടരുന്നപോലെ നിന്റെ ആത്മസൗരഭം ചുറ്റും പടരുന്നു. അതിന് ചുറ്റും രൂപമില്ലാത്ത ഒരു പൊൻകിനാവായി പാറിപ്പറക്കുകയാണ് തന്റെ അനുഭൂതിയെന്ന് കവിതയെ മുൻനിർത്തി ദ്യോതിപ്പിക്കുന്നു. സ്വപ്നം, പ്രണയം, സ്വകാര്യം, വിഷാദം, പ്രതിഷേധം ഇങ്ങനെ ഭാവാത്മകമായി പല വിതാനങ്ങളിലേക്ക് സഹജബോധ്യത്തോടെ വിനിമയസന്നദ്ധമാവുന്ന കവിത കാവ്യപാരമ്പര്യത്തിന്റെ പൊരുൾവഴികളെ നിന്ദിക്കുന്നില്ല.

മരുഭൂമിയിലെ കിനാവുകൾ, മുഗ്ദ്ധം, ജോസ് ജോസഫിന്റെ മരണം, സ്വന്തം, കൂരായണീയം എന്നീ കവിതകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. രൂപത്തിലല്ല, ഭാവവൈവിധ്യങ്ങൾകൊണ്ട് കാവ്യഭാഷയെത്തന്നെ വിസ്മയിപ്പിക്കുന്നു. കാവ്യശൈലിയുടെ തടവുകാരനാവാതെ ഭാവസാരള്യവും തീക്ഷ്ണതയും രഞ്ജിപ്പിക്കുന്ന നിശ്ശബ്ദവും സൗമ്യവുമായ ഭാവാർത്ഥനിറവിലൂടെ കവിത സ്വയം സജ്ജമാവുന്നു.

*കാന്ധിയെന്നൊരാളുണ്ടായിരുന്നതും*
*ശാന്തിയെന്നോതി മണ്ടിനടന്നതും*
*പോഴരോതുന്നതുള്ളതോ കള്ളമോ*
*ഞാനറിഞ്ഞില്ല രാമനാരായണ*
*(ഞാനറിഞ്ഞില്ല)*

ഇങ്ങനെ മൂല്യങ്ങൾ വിസ്മരിക്കുന്ന, തിരസ്കരിക്കുന്ന, കാലക്കേടുകളെ വിചാരണചെയ്യുന്ന ആക്ഷേപത്തിന്റേയും ഹാസ്യത്തിന്റേയും നിശിതവാങ്മയങ്ങളിലേക്ക് കവിത മടികൂടാതെ ചുവട് മാറുന്നതും കാണാം.

*കായമെന്നോതീട്ടും കായംകലക്കുന്ന*
*മായം പൊറുക്കുമോ ഗാന്ധിപോലും*
*(കായംകുളം)*

ഹിംസയും ആസക്തിയും ഗാന്ധിയൻമൂല്യങ്ങളെ ആക്രമിക്കുമ്പോൾ കവിതയുടെ ഈ ജാഗ്രത ഇന്നും പ്രസക്തമാവുന്നു. നാം നടന്ന പുരോഗമനവഴികളെ ഒറ്റവലിയാൽ പിറകോട്ടാക്കുന്ന ചരിത്രനിഷേധങ്ങളെ ചെറുക്കാൻ ഏക്റ്റിവിസ്റ്റ് കൂടിയായ ജി.കുമാരപിള്ളയുടെ കവിതക്ക് കഴിയുന്നുണ്ട്. ഭാവാത്മകത സ്വകാര്യമായ സൗന്ദര്യപദ്ധതിയല്ലെന്ന് കവിതയുടെ ഉൾകരുത്തും പൊരുൾനിറവുംകൊണ്ട് വേറിട്ട ജി.കുമാരപിള്ളയുടെ കവിതകൾ ഓർമപ്പെടുത്തുന്നു. ●

# ഗതകാലതരളസ്മൃതികൾ



ടി.കെ.വാസുദേവൻ

ഇടവേളകളില്ലാത്ത ഒരു വായനക്കാരനാണ് ഞാൻ. ഇപ്പോൾ അതൊരു റിവിഷനാണ്. മുമ്പ് വായിച്ചതും ഏറെ സ്വാധീനിച്ചതുമായ പുസ്തകങ്ങൾ വീണ്ടും വായിക്കുകയാണ് ഇപ്പോഴത്തെ ശീലം. വിലാസിനിയുടെ 'അവകാശികൾ' എന്ന നോവൽ ഒരുപാട് ചരിത്രാനുഭവങ്ങൾ നൽകിയ പുസ്തകമാണ്. ആ പുസ്തകം നാല് വാല്യങ്ങളും വാങ്ങി വീട്ടിൽ സൂക്ഷിക്കുന്നു. ഇടക്കിടക്ക് എടുത്ത് വായിക്കുന്നു. ത്യാഗാരാജകൃതികൾ എന്ന പുസ്തകം സമീപകാലത്ത് ഞാൻ സ്വന്തമാക്കി.

വായനയുടെ വേഗതയും സൂക്ഷ്മതയും ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. സാഹിത്യം മാത്രമല്ല, എന്റെ വായാനാമേഖല. ചിത്രകല, സംഗീതം, നൃത്തം തുടങ്ങിയവയുമായി ബന്ധപ്പെട്ട പുസ്തകങ്ങളും എനിക്കേറെ ഇഷ്ടമാണ്. ബൈബിളും ഖുറാനും പുരാണേതിഹാസങ്ങളും ചെറുപ്പത്തിൽതന്നെ സമ്പൂർണമായി വായിച്ചുതീർത്തു. ഗാന്ധിയുടേയും മാർക്സിന്റേയും കൃതികൾ എന്റെ കാഴ്ചപ്പാടുകളെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്.

ചലച്ചിത്രമേഖലയിൽ പ്രവർത്തിക്കാൻ തുടങ്ങിയ കാലത്ത് ഫിലിം ടെക്നോളജി പഠിക്കാൻ ഇംഗ്ലീഷ് പുസ്തകങ്ങളായിരുന്നു ആധാരം. അന്ന് അത്തരം പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമല്ല. ഫോക്കൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച How to Direct Amateur, How to Cartoon തുടങ്ങിയ പുസ്തകങ്ങൾ ചലച്ചിത്രമാധ്യമത്തിന്റെ കലയും ശാസ്ത്രവും എന്നെ ഒരു ഗുരുനാഥനേപ്പോലെ പഠിപ്പിച്ചു. ചലച്ചിത്രസംവിധായകൻ എന്ന നിലക്ക് വേണ്ടത്, വേണ്ട സ്ഥലത്ത്, വേണ്ട അത്ര മാത്രം ഉപയോഗിക്കുക എന്നതാണ് എന്റെ സമ്പ്രദായം. അതിന് വായന വളരെ സഹായിക്കുന്നു.

കിട്ടുന്നതെന്തും വായിച്ചുതള്ളിയ കൗമാരയൗവനകാലങ്ങൾ വല്ലാത്തൊരു ഗതകാലതരളസ്മൃതിയാണ്. ജന്മനാടായ അന്തിക്കാട് വായനശാലയിലെ പുസ്തകങ്ങൾ മുഴുവൻ വായിച്ചുതീർത്തിട്ടുണ്ട്. തുടർന്ന് മണലൂർ വായനശാലയിൽ ചേർന്നു. ഒറ്റരാത്രികൊണ്ട് വായിച്ചുതീർത്ത്, പുസ്തകം മാറാൻ എന്നും നടന്നുപോവും. കൂട്ടുകാർക്കൊപ്പം ചങ്ങമ്പുഴയുടേയും മറ്റും കവിത ചൊല്ലിയാണ് നടത്തം. അന്നൊക്കെ കവിതകൾ ഞാനെഴുതിയിരുന്നു. എഴുതും, ഉപേക്ഷിക്കും, പ്രസിദ്ധീകരിക്കാൻ ശ്രമിച്ചിട്ടില്ല.

ജി.അന്തിക്കാട്, ടി.വി.കിട്ടു, ടി.വി.കൃഷ്ണൻ, രവീന്ദ്രൻ മുറ്റിച്ചൂർ എന്നീ എഴുത്തുകാർ എന്റെ സമകാലികരും സുഹൃത്തുക്കളുമാണ്. ആദ്യത്തെ മൂന്നുപേരും ഇന്നില്ല. നവയുഗത്തിലും മറ്റും കവിത പ്രസിദ്ധീകരിച്ചിരുന്ന രവീന്ദ്രൻ മുറ്റിച്ചൂരിനെ കണ്ടിട്ട് കുറേക്കാലമായി. കവിയും പ്രഭാഷകനും സാംസ്കാരികപ്രവർത്തകനുമായി കേരളമെങ്ങും അലഞ്ഞ ജി.അന്തിക്കാട് മാഷിന്റെ പുസ്തകം 'എന്റെ സൂര്യൻ അസ്തമിക്കുന്നില്ല' എന്ന പേരിൽ മരണാനന്തരം പ്രകാശിതമായി. അർഹിക്കുന്ന അംഗീകാരം ലഭിക്കാതെ പോയ ഒരു എഴുത്തുകാരനാണദ്ദേഹം. മലയാളത്തിലും സംസ്കൃതത്തിലും എംഎ ബിരുദം നേടിയ ടി.വി.കൃഷ്ണൻ ജില്ലാ വിദ്യാഭ്യാസ ഓഫീസറായാണ് വിരമിച്ചത്. അങ്ങേക്ക് നമസ്കാരം, കുറേ പടിഞ്ഞാറൻ കഥകൾ, കേരളീയനാടോടിക്കഥകൾ, ആശ്ചര്യകഥകൾ, അഞ്ച് ചീനാനാടോടിക്കഥകൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ.

കവിതാസ്നേഹികളായ ഞങ്ങൾ സായാഹ്നങ്ങളിൽ ചങ്ങാത്തം പങ്കിടാൻ പതിവുസങ്കേതങ്ങളിൽ മുടങ്ങാതെ എത്തിച്ചേരും. കവിതകൾ കൈമാറി വായിക്കും, ഉറക്കെ ചൊല്ലും. പുതിയതായി വായിച്ച പുസ്തകങ്ങളെ മുൻനിർത്തി ആശയസംവാദം നടത്തും. അന്നത്തെ ആ കൂട്ടുകെട്ട് എന്നെ അക്ഷരലോകത്തിന്റെ പ്രബുദ്ധതയിലേക്ക് നയിച്ചു. ഇപ്പോഴും വായനയുടെ ആ വിസ്മയതീരത്താണ് എന്റെ താമസം. ●







# മികച്ച കവർ രൂപകല്പന, മികച്ച പുസ്തകനിർമ്മിതി, സ്റ്റാൾ എന്നിവയ്ക്കുള്ള അവാർഡ് പ്രഖ്യാപിച്ചു

ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് മികച്ച കവർ രൂപകല്പന, പുസ്തകനിർമ്മിതി, സ്റ്റാൾ എന്നിവയ്ക്കുള്ള അവാർഡ് പ്രഖ്യാപിച്ചു.

കവർ രൂപകല്പന ഒന്നാംസമ്മാനം: പ്രജിൽ അമൻ -ഗയ പുത്തകച്ചാല പ്രസിദ്ധീകരിച്ച ഡോ. കെ.എൻ.ഗണേശിന്റെ 'ആചാരം ജനാധിപത്യം ലിംഗനീതി' എന്ന പുസ്തകത്തിന്റെ രൂപകല്പനയ്ക്ക്. രണ്ടാംസമ്മാനം: ഹരിദാസ് നരീക്കൽ - എച്ച്&സി പ്രസിദ്ധീകരിച്ച സൂർജിത്തിന്റെ 'ഇട തുവശത്തെ പൂജ്യങ്ങൾ' എന്ന പുസ്തകത്തിന്റെ രൂപകല്പനയ്ക്ക്.

പുസ്തകനിർമ്മിതിക്കുള്ള ഒന്നാംസമ്മാനം: സാപിയൻസ് ലിറ്ററേച്ചർ പ്രസിദ്ധീകരിച്ച ചിത്തിര കുസുമന്റെ 'തൃപ്പൂത്ത്' എന്ന പുസ്തകത്തിന്റെ നിർമ്മിതിയ്ക്ക്. രണ്ടാംസമ്മാനം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച വിജയൻ കോതമ്പത്തിന്റെ 'ഓന്തും അരണയും' എന്ന പുസ്തകത്തിന്റെ നിർമ്മിതിയ്ക്ക്.

മികച്ച സ്റ്റാളിനുള്ള ഒന്നാംസമ്മാനത്തിന് പ്രഭാത് ബുക്ക് ഹൗസിനേയും രണ്ടാംസമ്മാനത്തിന് അഹമ്മദിയ മുസ്ലീം ഇസ്ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷനേയും തെരഞ്ഞെടുത്തു.

ജെ.ആർ.പ്രസാദ്, ശ്രീജ പള്ളം, വിഎസ്.ഗിരീശൻ, അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ എന്നിവരായിരുന്നു നിർണ്ണയസമിതി അംഗങ്ങൾ.

ഫെബ്രുവരി പതിനൊന്നിന് പുസ്തകോത്സവസമാപനസമ്മേളനത്തിൽ അക്കാദമി പ്രസിഡന്റ് വൈശാഖൻ സമ്മാനദാനം നിർവഹിക്കും. ●




ഗയ പുത്തകച്ചാല പ്രസിദ്ധീകരിച്ച ഡോ.എം.ലീലാവതിയുടെ പദ്യകൃതികൾ
പ്രൊഫ.കെ.വി.രാമകൃഷ്ണന് നൽകി ഡോ.കെ.പി.മോഹനൻ പ്രകാശനം ചെയ്യുന്നു.

ചലച്ചിത്രോൽസവത്തിൽ ഋത്വിക് ഘട്ടകിന്റെ അജാന്ത്രിക് എന്ന സിനിമയെ
പരിചയപ്പെടുത്തി അൻവർ അലി സംസാരിക്കുന്നു.



Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : MonaLisa | Sketch : J R Prasad | Design : Roy Akkara